# ഖുർആൻ പഠിപ്പിക്കാൻ അമേരിക്കയുടെ സിലബസ്സ്: ശൈഖ് മുഹമ്മദ് കാരക്കുന്ന്

“ഇവിടത്തെ അവസ്ഥയിൽ മുസ്‌ലിം നാടുകളിൽ കുറേ കൂടി ദുരന്ത പൂർണ്ണമാണ്. ഉദാഹരണം പാക്കിസ്ഥാൻ. പാക്കിസ്ഥാനിൽ അവിടത്തെ ഖുർആനിൽ ഏത് ഭാഗം പഠിപ്പിക്കണം വരുന്ന തലമുറയെ എന്ന് തീരുമാനിക്കുന്നതിന് പാക്കിസ്ഥാനിലെ മത പണ്ഡിതൻമാരോ അവിടത്തെ വിദ്യാഭ്യാസ വിചക്ഷണരോ അവിടത്തെ ഭരണാധികാരിയായ മുഷറഫോ അല്ല. അമേരിക്കയിലെ ആഭ്യന്തരവകുപ്പിൻെറ സമ്മതമില്ലാത്ത പാഠഭാഗങ്ങൾ പാക്കിസ്ഥാനിലോ, ഈജിപ്തിലോ, സുഊദി അറേബ്യയിലോ വരുന്ന തലമുറയെ പഠിപ്പിക്കാൻ പാടില്ല. അഥവാ അമേരിക്കയുടെ ആശ്രിത രാജ്യങ്ങളായ അമേരിക്കയുടെ മുമ്പിൽ ഓച്ഛാനിച്ചു നില്ക്കുന്ന ഇസ്‌ലാമികപരമായ നിലപാടുകൾ സ്വീകരിക്കുവാൻ ധൈര്യം കാണിക്കാത്ത എല്ലാ മുസ്‌ലിം രാജ്യങ്ങളിലെയും പാഠപുസ്തകങ്ങൾ എവ്വിധമായിരിക്കണം ഏതൊക്കെ പഠിപ്പിക്കണം പഠിപ്പിക്കേണ്ട എന്നൊക്കെ തീരുമാനിക്കുന്നത് മുസ്‌ലീംകളല്ല, മത പണ്ഡിതൻമാരല്ല, മുസ്‌ലിം ഭരണകൂടങ്ങളുമല്ല. അമേരിക്കയുടെ ആഭ്യന്തരവകുപ്പാണ്.” (ശൈഖ് മുഹമ്മദ് കാരക്കുന്ന് സാഹിബിൻെറ പ്രസംഗം: നേരിട്ട് കേൾക്കുവാൻ താഴെയുള്ള ഇൻെറർനെറ്റ് ലിംക് സന്ദർശിക്കുക)

വെബ് അഡ്രസ്: http://dawah.webng.com/ji/America_Quran_padippikkunnathu.wmv

(**കുറിപ്പ്:** ഇത് പ്രസംഗിക്കുന്ന അവസരത്തിൽ പാക്കിസ്ഥാൻ പ്രസിഡൻറ് ആയിരുന്നു മുഷറഫ്)

തൂലികയിലൂടെ വായനക്കാരെ അതിസമർത്ഥമായി കബളിപ്പിക്കുവാൻ മിടുക്കുള്ള കാരക്കുന്ന്, താൻ പ്രസംഗത്തിലും പുറകിലല്ല എന്ന് തെളിയിക്കുന്ന വരികളാണ് നാം മുകളിൽ വായിച്ചത്. ആശയ വിനിമയത്തിൽ ആവോളം പുരോഗതിയിലെത്തി നില്ക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇത്തരം മഹാപ്രമാദം പൊതുവേദികളിൽ ഇദ്ദേഹം അവതരിപ്പിക്കുന്നത്. ദൈവാനുഗ്രഹമുള്ള പരിശുദ്ധമായ ഹറമുകൾ പരിപാലിച്ചു വരുന്ന സുഊദി അറേബ്യയിലെ ഖുർആനിക പഠനത്തിൻെറ കാര്യക്രമം നിയന്ത്രിക്കുന്നത് അമേരിക്കയിലെ ആഭ്യന്തരവകുപ്പാണത്രെ! ദരിദ്രരാഷ്ട്രങ്ങൾക്ക് സാമ്പത്തികമായി ഒട്ടനവധി സഹായങ്ങൾ വാരിക്കോരികൊടുക്കുന്ന ഒരു രാജ്യത്തെയാണ് ശിയാക്കളുടെ ആദർശത്തിൻെറ ഭൂമികയിൽ നിന്നുകൊണ്ട് അദ്ദേഹം ഇകഴ്ത്തി സംസാരിച്ചത്. (സുഊദി അറേബ്യ സാമ്പത്തിക സഹായം നല്കുന്നത് അമേരിക്കയുടെ നിർദ്ദേശ പ്രകാരമാണെന്നും ശൈഖ് അവർകൾ തട്ടിവിടുന്നുണ്ട്; ആവശ്യമുള്ളവർ പ്രസംഗം നേരിട്ട് ശ്രവിക്കുക). ലബനാൻ, ഫലസ്തീൻ തുടങ്ങിയ അനേകം രാജ്യങ്ങൾക്ക് ആലംബമായി സൗദി ഭരണകൂടം ചെയ്തുവരുന്ന സേവനങ്ങൾ മറച്ചുവെച്ചു കൊണ്ട് പച്ചക്കള്ളം പ്രസംഗിക്കാൻ എങ്ങനെയാണ് ഇദ്ദേഹത്തിന് സാധിക്കുന്നത്? ലോകത്തിൻെറ വിവിധ മുക്കിലേക്കും തികച്ചും സൗജന്യമായി

ഖുർആന്റെ പകർപ്പുകൾ എത്തിക്കാൻ നടത്തുന്ന സുഊദി അറേബ്യയുടെ സേവനം ചെറുതായി കാണാൻ ഏത് മുസ്ലിമിനാണ് കഴിയുക? ഇതെല്ലാം അമേരിക്കയുടെ ആഭ്യന്തരവകുപ്പാണ് പോൽ കൈകാര്യം ചെയ്യുന്നത്!

ബഹുമാന്യ സഹോദരങ്ങളെ, നാം ഉണർന്നു ചിന്തിക്കേണ്ട ഗൗരവമായ ഒരു അപരാധമാണ് ശൈഖ് അവർകൾ തന്റെ പ്രസംഗത്തിലൂടെ അഭിപ്രായപ്പെട്ടിരിക്കുന്നത്. ശിയാക്കളെ (വിശേഷിച്ച് ഇറാനെ) അങ്ങേയറ്റം പ്രശംസിച്ച് അന്ധമായ ഒരു അവസ്ഥയിൽ ജമാഅത്തെ ഇസ്ലാമി സഹോദരങ്ങൾ എത്തിയിരിക്കുകയാണിന്ന്. കാരക്കുന്നിന്റെ പ്രസ്തുത ആരോപണം ശ്രദ്ധിക്കുക:



ആയത്തുല്ലാ ഖുമൈനി

ഇറാനിലെ ഇമാം ഖുമൈനി, ഡോക്ടർ അലി ശരീഅത്തി, ഇറാഖിലെ ആയത്തുല്ലാ മുഹമ്മദ് ബാഖിർ സദ്ർ തുടങ്ങിയ ശിയാ ലോകത്തെ മഹാരഥൻമാർ ഉണർത്തിവിട്ട ഇസ്ലാമിക നവോത്ഥാന തരംഗം ഇറാനിൽ ശക്തമായ ഒരിസ്ലാമിക ഭരണകൂടത്തിന്റെ രൂപീകരണത്തിൽ വിജയകരമായി കലാശിക്കുകയുണ്ടായി. ഇറാൻ വിപ്ലവം സുന്നി-ശിയാ ഭേദമന്യേ മുസ്ലിം ലോകത്താകമാനം അലയടിപ്പിച്ച ആശയും ആവേശവും. ഇസ്ലാമിക പ്രവർത്തകരിൽ അതുത്തേജിപ്പിച്ച ഉൽസാഹവും ചില്ലറയല്ല. വിപ്ലവാനന്തര ഇറാന്റെ ചില നയവ്യതിയാനങ്ങൾ വിപ്ലവത്തിന്റെ പ്രതിഛായക്ക് മങ്ങലേൽക്കാൻ കാരണമായിട്ടുണ്ടെങ്കിലും ഇസ്ലാമിന്റെ പേരിൽ ആധുനിക കാലത്ത് ഒരു രാഷ്ട്രത്തിന് നിലവിൽവരാമെന്നും സാമ്രാജ്യ ശക്തികളെ വെല്ലുവിളിച്ചുകൊണ്ട് പിടിച്ചുനിൽക്കാമെന്നും പ്രായോഗികമായി കാണിച്ചുകൊടുത്തത് ഇറാൻ വിപ്ലവമാണെന്ന വസ്തുത അനിഷേധ്യമാണ്. അലി ശരീഅത്തി, മുർതസാ മുത്വഹ്ഹരി, ബാഖിർ സദ്ർ, സയ്യിദ് ഹുസൈൻ നസ്ർ തുടങ്ങിയ ശിയാ പണ്ഡിതൻമാരുടെ ചിന്തകൾക്ക് സുന്നി ലോകത്തെ യുവ ഇസ്ലാമിസ്റ്റുകളുടെ നവോത്ഥാന സ്വപ്നങ്ങൾക്കു നിറംപകരുന്നതിൽ വഹിച്ചുകൊണ്ടിരിക്കുന്ന പങ്കും വിസ്മരിക്കാവുന്നതല്ല.

പ്രബോധനം
ജമാഅത്തെ ഇസ്ലാമി 50-ാം
വാർഷികപ്പതിപ്പ്, പേ. 54



ഡോ. അലി ശരീഅത്തി

ഗൾഫുനാടുകളിൽ നിന്നും ഇറാനെ അദ്ദേഹം ഒറ്റപ്പെടുത്തി നിർത്തിയിരിക്കുന്നു! എന്തു കൊണ്ടെന്നാൽ ജമാഅത്തെ ഇസ്ലാമിയുടെ വീക്ഷണ പ്രകാരം ഇന്ന് നിലവിലുള്ള ഏക ഇസ്ലാമിക രാജ്യം ഇറാനാണ്! അതുകൊണ്ട് തന്നെ ഇറാനെ കുറിച്ച് വായ്തോരാതെ ഇസ്ലാമിക മദ്ഹുകൾ പ്രചരിപ്പിക്കുന്ന ദൗത്യപ്രചാരകരുടെ ചുമതല ഇവർ ഏറ്റെടുത്തിരിക്കുന്നതായി കാണാം. അതിന്റെ ഭാഗമായി ഇവർ സോളിഡാരിറ്റി പ്രവർത്തകരെ കൊണ്ട് കവലയിൽ നിർത്തി പ്രസംഗിപ്പിക്കുകയും ചെയ്യുന്നു; അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ ഇറാൻ എതിരിടുന്നത് ഖുർആനിൽ നിന്നുള്ള പ്രചോദനം ഉൾകൊണ്ടിട്ടാണെന്ന്. അതോടൊപ്പം ശിയാക്കൾ വിശ്വസിക്കുന്ന ഖുർആൻ അഹ്ലുന്നത്തിന്റെ ത്രാണിയായി നിലകൊള്ളുന്ന അതേ ഖുർആൻ തന്നെയാണെന്ന് ജമാഅത്തെ ഇസ്ലാമിക്കാർ വാദിക്കുകയും

ചെയ്യുന്നു. ശൈഖ് മുഹമ്മദ് കാരക്കുന്ന് തന്നെ പ്രബോധനം മാസികയിലൂടെ എഴുതി:

"അള്ളാഹുവിലും അന്ത്യദിനത്തിലും അന്ത്യപ്രവാചകനിലും വിശ്വസിക്കുന്ന ഇറാനിലെ ശീഈകൾ നിലവിലുള്ള വിശുദ്ധ ഖുർആനെ അവിശ്വസിക്കുന്നവരോ മറ്റൊരു ഖുർആൻ അംഗീകരിക്കുന്നവരോ അല്ല. ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളുടെയും വശമുള്ളത് ഒരേ ഖുർആനാണ്" (പ്രബോധനം 2006 ഏപ്രിൽ 1, പേജ് 32)

ശിയാക്കളുടെ ഖുർആനിക വിശ്വാസവുമായി ബന്ധപ്പെട്ട് വന്ന പ്രബോധനത്തിലെ മേൽപ്പറഞ്ഞ പ്രസ്താവന ശുദ്ധനുണയാണ്. ഇറാൻ ഭരിക്കുന്ന ഭരണകർത്താക്കൾ ഉൾപ്പടെ അവരിൽ മഹാഭൂരിപക്ഷം വരുന്നവർ ശിയാക്കളിലെ 'ഇസ്‌ന അശ്‌രിയ' വിഭാഗത്തിൽ പെട്ടവരാണ്. അവരിലെ പ്രധാനികളായിരുന്ന ആയത്തുല്ലാ ഖുമൈനി, അലി ശരീഅത്തി തുടങ്ങിയ ചിന്തകൻമാരുടെ അഭിപ്രായം ഇന്ന് നിലവിലുള്ള ഖുർആനല്ല സമ്പൂർണ്ണമായ വേദഗ്രന്ഥം, മറിച്ച് അലി(റ)ക്ക് മുമ്പ് വന്ന ഖലീഫമാർ ചില വചനങ്ങൾ എടുത്തുകളയുകയും ചിലത് കെട്ടിയുണ്ടാക്കുകയും ചെയ്ത ഗ്രന്ഥമാണ് അത് എന്നതാണ്. എന്തിനധികം വിശദീകരിക്കണം; പേരുകേട്ട ശിയാചിന്തകനായ അലി ശരീഅത്തിയുടെ ഒരു കൃതി മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാണല്ലോ **'എന്ത് ചെയ്യണം എവിടെ തുടങ്ങണം'** എന്നത്. അതിലദ്ദേഹം പ്രസ്താവിച്ച വാക്കുകൾ മാത്രം മതി ഇക്കാര്യം ബോധ്യപ്പെടുവാൻ. അത് ഇപ്രകാരമാണ്:

"'നാം എവിടെ തുടങ്ങും' എന്ന ചോദ്യത്തിന് ഉത്തരം നല്കാൻ നാം ഇനി പറയുന്ന അവസാന മുദ്രാവാക്യം നിർദ്ദേശിക്കുന്നു: "ഇസ്‌ലാമിൻെറ പുനർജന്മം". ഈ പുനർജന്മം എങ്ങിനെ സാധിതമാക്കാം എന്ന ചോദ്യം അവശേഷിപ്പിക്കുന്നു. ഇസ്‌ലാം തന്നെ ഇതിനുള്ള മറുപടി തന്നിട്ടുണ്ട്. ചരിത്രത്തിൽ വഴി മുട്ടിപോവുമ്പോഴും നൂറ്റാണ്ടുകളുടെ തമസിൽ വഴക്കടിക്കുന്ന വിഭാഗങ്ങളായി വിഭജിക്കപ്പെടുമ്പോഴും ആശയങ്ങളുടെ പാരാവാരത്തിൽ പരിഭ്രാന്തരാവുമ്പോഴും അവർ പ്രയാണം നിർത്തുകയും അനൈക്യത്തെ വെച്ച് പൊറുപ്പിക്കുകയും ഊർജ്ജം പാഴാക്കുകയും ചെയ്യരുത് എന്ന് അത് അനുയായികളെ പഠിപ്പിക്കുന്നു. പകരം അവർ ഖുർആനിലേക്ക് മടങ്ങണം. മുസ്‌ലിം സമൂഹത്തിലെ ഓരോ വിഭാഗവും തങ്ങളാണ് യഥാർത്ഥ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നത് എന്ന് വാദിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ നിസംശയം നാം ഇസ്‌ലാമിൻെറ ആവിർഭാവ കാലത്തെ ആദ്യ മുസ്‌ലിംകളുടെ അവസ്ഥയിലേക്ക് തിരിച്ചുപോവണം. തത്വചിന്തയുടെയോ നിഗൂഢവാദത്തിൻെറയോ മറ്റു മത പാരതന്ത്ര്യ ചരിത്ര ഘടകങ്ങളുടെയോ സഹായമില്ലാതെ ഇസ്‌ലാമിനെ മനസിലാക്കാൻ അവർക്ക് കഴിഞ്ഞിരുന്നു. ഇവയെല്ലാം ഉടലെടുത്തത് പിൽക്കാലത്താണ്. ഇനി ഒരു വിപ്ളവ ഉൾപ്പരിവർത്തനം വഴി കാലത്തിൻെറ തടസങ്ങൾ തട്ടിനീക്കി ആ അവസ്ഥയിലെത്താൻ കഴിഞ്ഞു എന്നു വെക്കുക. അപ്പോൾ മറ്റൊരു പ്രശ്നം. "ഏതു ഖുർആനിലേക്കാണ് നാം

മടങ്ങേണ്ടത്’’? **ഖുറൈശി പ്രഭുത്വത്തെ പുനസ്ഥാപിക്കുകയും അബൂദർറിനെ കൊല്ലുകയും ചെയ്ത മൂന്നാം ഖലീഫ ഉസ്മാന്റെ കൊട്ടാരത്തിലുപയോഗിച്ച ഖുർആനിലേക്കോ? പ്രവാചകന്റെ പള്ളിയുടെ ഒരു മൂലയിൽ താമസിച്ച ശാന്തപ്രകൃതിയായ ഇമാം അലിയുടെ കൊച്ചു കുടിലിൽ ഉപയോഗിച്ച ഖുർആനിലേക്കോ? വംശീയ വാഴ്ചയെയും പ്രഭുത്വത്തെയും സംരക്ഷിക്കുന്നതിനും അമവീ രാജവംശത്തെ സഹായിക്കുന്നതിനും വേണ്ടി അംറ് ബ്നു ആസ് കുന്തത്തിൽ കുത്തിയുയർത്തിയ ഖുർആനിലേക്കോ? ഇവയിൽ എത് ഖുർആനിലേക്കാണ് നാം മടങ്ങേണ്ടത്?**”. (എന്ത് ചെയ്യണം എവിടെ തുടങ്ങണം, പേജ് 51)

നമ്മുടെ കേരളക്കരയിൽ തന്നെ പച്ച മലയാളത്തിലേക്ക് വിവർത്തനം ചെയ്ത അലി ശരിഅത്തിയുടെ പുസ്തകത്തിൽ നിന്ന് ഇത്രയൊക്കെ വ്യക്തമായി ഇവരുടെ നിലപാട് വായിക്കുമ്പോഴും നമ്മെയെല്ലാം കബളിപ്പിച്ചുകൊണ്ട് ശൈഖ് അവറുകൾ ശിയാക്കൾക്കുവേണ്ടി പ്രചാരണം നടത്തുകയാണ്. അതോടൊപ്പം, അമേരിക്കയിലെ ആഭ്യന്തരവകുപ്പാണ്, സൗദി അറേബ്യയിലെ ഖുർആൻ പഠിപ്പിക്കേണ്ട വിഷയപദ്ധതിയും സക്കാത്തിന്റെ ഇടപാടുമെല്ലാം നിയന്ത്രിക്കുന്നത് എന്ന അദ്ദേഹത്തിന്റെ ഭാഷണത്തിലെ വിശ്വാസമറ്റ പ്രസ്താവനയും കൂടെ ചേർത്ത് വായിച്ചാൽ വളരെ നിഗൂഢമായ ദൗത്യമാണ് ഇവർ ഏറ്റെടുത്തിരിക്കുന്നത് എന്ന് മനസിലാക്കാൻ സാധിക്കും. ഇസ്ലാമിനോടുള്ള പ്രതിബദ്ധതയുടെ പേരിലല്ല ഇത്രയൊക്കെ വിലകുറഞ്ഞ തന്റേടം ഇവർ കാണിക്കുന്നത്, മറിച്ച് ശീയാഇസം പതുക്കെ പതുക്കെ കേരളത്തിലെ മുസ്ലിം ഹൃദയങ്ങളിൽ സന്നിവേശിപ്പിക്കാനുള്ള ശ്രമമാണ്. ഇത് നമ്മുടെ സമുദായം തിരിച്ചറിയേണ്ടതുണ്ട്; ഇവരെ സൂക്ഷിക്കേണ്ടതുമുണ്ട്. അള്ളാഹു ഇവരുടെ സർവ്വകുതന്ത്രങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുമാറാകട്ടെ, ആമീൻ.

**അൻവർ അബൂബക്കർ**